## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2059 17.02.2016-ൽ മറുപടിയ്ക്ക്

## ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം.

**ചോദ്യം**

ശ്രീ. പി. കെ. ബഷീർ :

(എ) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി കോളനികളെയാണ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുതീകരിച്ചി ട്ടുള്ളത് ; വിശദാംശം നൽകുമോ ; ഏതെല്ലാം ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) & (ബി) ഏറനാട് മണ്ഡലത്തിലെ കൊട്ടുമ്പുഴ, നെല്ലിയാമ്പതി, കുറിരി, ചെക്കുന്നത്ത് അംബേദ്ക്കർ, കലക്കപ്പാറ, ഓടണ്ണപ്പാറ, പാലക്കയം ' വെണ്ണേക്കോട്, പ്ലാക്കൽചോല, കണ്ടിലിപ്പാറ, നായാടംപൊയിൽ, മേലേമങ്ങാട്, വെങ്ങാട് തുടങ്ങിയ 12 ആദിവാസി കോളനികളാണ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുതീകരിച്ചിട്ടുള്ളത്.

മൈലാടി ആദിവാസി കോളനി വൈദ്യുതീകരിക്കാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അമ്പുമല ആദിവാസി കോളനി ഐ.ടി.ഡി.പി. ഫണ്ട് ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. വിവിധ കേന്ദ്ര, സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

**സെക്ഷൻ ഓഫീസർ.**